# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 20.08.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. **പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പോളണ്ട്-യുക്രെയ്ൻ സന്ദർശനത്തിന് നാളെ തുടക്കം.**
   Prime Minister Narendra Modi's Poland-Ukraine visit will begin tomorrow.

2. **കൊൽക്കത്തയിൽ റസിഡന്റ് ഡോക്ടറെ ക്രൂര പീഡനത്തിന് ഇരയാക്കി കൊലപ്പെടുത്തിയതുമായി ബന്ധപ്പെട്ട കേസ് സുപ്രീം കോടതി ഇന്ന് പരിഗണിക്കും.**
   The Supreme Court will hear today the case related to brutal torture and murder of resident doctor in Kolkata.

3. **രാജ്യത്ത് കേന്ദ്ര സർക്കാർ നിയന്ത്രണത്തിലുള്ള എല്ലാ ആശുപത്രികളിലും സുരക്ഷാ വിന്യാസം 25 ശതമാനം വർദ്ധിപ്പിക്കാൻ തീരുമാനിച്ച് കേന്ദ്ര ആരോഗ്യമന്ത്രാലയം.**
   Union Health Ministry has decided to enhance security deployment at all central government hospitals by 25 percent.

4. **ജമ്മു കശ്മീരിൽ ആദ്യ ഘട്ട നിയമസഭാ തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം ഇന്ന് പുറപ്പെടുവിക്കും.**
   The notification for the first phase of assembly elections in Jammu and Kashmir will be issued today.

5. **ആഫ്രിക്കയിൽ വ്യാപിച്ചുകൊണ്ടിരിക്കുന്ന എംപോക്സ് രോഗത്തിനെതിരെ മുൻകരുതലുകളുമായി കേന്ദ്ര സർക്കാർ.**
   In view of the outbreak of Mpox disease reported in African countries, Government of India has decided to take precautionary measures.

6. **ശ്രീനാരായണ ഗുരുദേവന്റെ 170-ാം ജന്മവാർഷികം ഇന്ന്.**

**Today is the 170th birth anniversary of Sree Narayana Gurudev.**

==================================

## PREZ- GEOSCIENCE AWARD

രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് 2023-ലെ ദേശീയ ജിയോസയൻസ് പുരസ്കാരങ്ങൾ സമ്മാനിക്കും. രാഷ്ട്രപതി ഭവനിലെ കൾച്ചറൽ സെന്ററിൽ രാവിലെ നടക്കുന്ന ചടങ്ങിൽ കേന്ദ്രമന്ത്രിമാരായ ജി. കിഷൻ റെഡ്ഡി, സതീഷ് ചന്ദ്ര ദുബെ എന്നിവർ പങ്കെടുക്കും.

==================================

## PM POLAND-UKRAINE VISIT – (INTRO)

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പോളണ്ട്-യുക്രൈൻ സന്ദർശനത്തിന് നാളെ തുടക്കം. രണ്ട് ദിവസത്തെ സന്ദർശനത്തിനായി പോളണ്ടിലെത്തുന്ന പ്രധാനമന്ത്രി, പോളിഷ് പ്രസിഡൻറ് - പ്രധാനമന്ത്രി ഉൾപ്പെടെയുള്ള നേതാക്കളുമായി കൂടിക്കാഴ്ചകൾ നടത്തും.

**വിശദാംശങ്ങളിലേക്ക്......**

**(VOICE...)**

45 വർഷങ്ങൾക്ക് ശേഷമാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി പോളണ്ട് സന്ദർശിക്കുന്നത്. ഇരു രാജ്യങ്ങളും തമ്മിലുള്ള നയതന്ത്രബന്ധത്തിൻറെ 70-ആം വാർഷികം പൂർത്തിയാകുന്ന വേളയിലാണ് ശ്രീ മോദിയുടെ പോളണ്ട് സന്ദർശനം. പോളണ്ടിലെ ഇന്ത്യൻ സമൂഹവുമായും വ്യവസായികളുമായും അദ്ദേഹം സംവദിക്കും. തുടർന്ന് ഈ മാസം 23 ന് യുക്രൈനിലെത്തുന്ന പ്രധാനമന്ത്രി, യുക്രൈൻ പ്രസിഡൻറ് വൊളോഡിമിർ സെലൻസ്കിയുമായി കൂടിക്കാഴ്ച നടത്തും. യുക്രൈൻ പ്രസിഡൻറിൻറെ പ്രത്യേക ക്ഷണപ്രകാരമാണ് ശ്രീ മോദിയുടെ സന്ദർശനം. യുക്രൈൻ-റഷ്യ സംഘർഷം സമാധാനപരമായി പരിഹരിക്കണമെന്ന നിലപാട് ഇന്ത്യ വിവിധ വേദികളിൽ ആവർത്തിച്ച് വ്യക്തമാക്കിയിരുന്നു. സമാധാനം നിലനിർത്താൻ

സാധ്യമായ എല്ലാ പിന്തുണയും നൽകാൻ തയാറാണെന്നും ഇന്ത്യ അറിയിച്ചിട്ടുണ്ട്.
ന്യൂസ് ഡെസ്ക്, ആകാശവാണി......

====================================

## KOLKATA MURDER CASE

കൊൽക്കത്തയിൽ റസിഡന്റ് ഡോക്ടറെ ക്രൂര പീഡനത്തിന് ഇരയാക്കി കൊലപ്പെടുത്തിയതുമായി ബന്ധപ്പെട്ട കേസ് സുപ്രീം കോടതി ഇന്ന് പരിഗണിക്കും. ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ്, ജസ്റ്റിസുമാരായ ജെ ബി പർദിവാല, മനോജ് മിശ്ര എന്നിവരടങ്ങിയ മൂന്നംഗ ബെഞ്ചാണ് കേസിൽ വാദം കേൾക്കുന്നത്. വിഷയത്തിൽ സുപ്രീം കോടതി സ്വമേധയാ കേസെടുക്കുകയായിരുന്നു. ഇക്കഴിഞ്ഞ ഒൻപതാം തീയതിയാണ് കേസിനാസ്പദമായ സംഭവം നടന്നത്. ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം കേസ് സിബിഐ ഏറ്റെടുത്തിരുന്നു. പോലീസ് അന്വേഷണത്തിൽ അതൃപ്തി പ്രകടിപ്പിച്ച യുവതിയുടെ മാതാപിതാക്കൾ ഉൾപ്പെടെ നൽകിയ ഹർജിയെ തുടർന്നായിരുന്നു ഹൈക്കോടതിയുടെ ഉത്തരവ്.

====================================

## RESIGNATION BENGAL CM

കൊൽക്കത്തയിൽ മെഡിക്കൽ വിദ്യാർത്ഥിനിയെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ സംഭവത്തിൽ പശ്ചിമ ബംഗാൾ മുഖ്യമന്ത്രി മമത ബാനർജി രാജിവെക്കണമെന്ന് ബിജെപി. സ്ത്രീകളുടെ അന്തസ്സും നിയമവാഴ്ചയും സംരക്ഷിക്കുന്നതിൽ മമത ബാനർജി പരാജയപ്പെട്ടെന്ന് പാർട്ടി വക്താവ് ഗൗരവ് ഭാട്ടിയ ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. ആർ ജി കർ മെഡിക്കൽ കോളേജിൽ, പ്രതികൾക്ക് അർഹമായ ശിക്ഷ ഉറപ്പാക്കാൻ ആവശ്യമായ തെളിവുകൾ നശിപ്പിക്കപ്പെടുന്ന സാഹചര്യമുണ്ടായതായും ശ്രീ ഭാട്ടിയ ആരോപിച്ചു.

=================================

## HOSPITAL SECURITY

കേന്ദ്രസർക്കാർ നിയന്ത്രണത്തിലുള്ള എല്ലാ ആശുപത്രികളിലും സുരക്ഷാ വിന്യാസം 25 ശതമാനം വർധിപ്പിക്കാൻ കേന്ദ്ര ആരോഗ്യ മന്ത്രാലയം തീരുമാനിച്ചു. സ്റ്റാൻഡേർഡ് സെക്യൂരിറ്റി പ്രോട്ടോകോളിന് പുറമെ ആശുപത്രികളുടെ ആവശ്യത്തിനനുസരിച്ച് സുരക്ഷാ ജീവനക്കാരെ നിയോഗിക്കും. കൊൽക്കത്ത സംഭവത്തിൽ കേന്ദ്ര നിയമം ആവശ്യപ്പെട്ട് റസിഡന്റ് ഡോക്ടർമാർ രാജ്യമെംബാടുംപ്രതിഷേധം തുടരുകയാണ്. പശ്ചിമ ബംഗാൾ, ഡൽഹി, ഹരിയാന, കേരളം ഉൾപ്പെടെ 26 സംസ്ഥാനങ്ങളും കേന്ദ്ര ഭരണ പ്രദേശങ്ങളും ആരോഗ്യ പ്രവർത്തകരുടെ സംരക്ഷണത്തിനായി കർശന നിയമങ്ങൾ പാസാക്കിയിട്ടുണ്ട്. ഡ്യൂട്ടി റൂം, ജോലി സമയം തുടങ്ങി ആശുപത്രികളിലെ സുരക്ഷയുടെയും സൗകര്യങ്ങളുടെയും വിവിധ വശങ്ങൾ പരിശോധിക്കാൻ ഡയറക്ടർ ജനറൽ ഹെൽത്ത് സർവീസസ് ചെയർമാനായി ഒരു സമിതി രൂപീകരിക്കും.

=================================

## J&K – NOTIFICATION

ജമ്മു കശ്മീരിൽ ആദ്യ ഘട്ട നിയമസഭാ തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം ഇന്ന് പുറപ്പെടുവിക്കും. ആറ് ജില്ലകളിലെ 24 മണ്ഡലങ്ങളിലേക്കാണ് വോട്ടെടുപ്പ് നടക്കുന്നത്. ഈ മാസം 27 വരെ നാമനിർദേശ പത്രിക സമർപ്പിക്കാം. 28 ന് സൂക്ഷ്മ പരിശോധന നടക്കും. പത്രിക പിൻവലിക്കാനുള്ള അവസാന തീയതി ഈ മാസം 30 ആണ്. സെപ്റ്റംബർ 18 നാണ് ആദ്യ ഘട്ട വോട്ടെടുപ്പ്. അന്തിമ വോട്ടർ പട്ടിക ഇന്ന് പ്രസിദ്ധീകരിച്ചേക്കും. നിയമസഭാ സീറ്റുകളുടെ എണ്ണം 83-ൽ നിന്ന് 90 ആക്കി ഉയർത്തുകയും മണ്ഡലങ്ങൾ പുനഃക്രമീകരിക്കുകയും ചെയ്ത സാഹചര്യത്തിൽ പുതിയ വോട്ടർപ്പട്ടികയ്ക്ക് പ്രാധാന്യം ഏറെയാണ്. 21 ലക്ഷത്തോളം യുവ വോട്ടർമാരാണ് വിധി നിർണ്ണയിക്കുക.

90 നിയമസഭാ സീറ്റുകളിൽ 7 എണ്ണം പട്ടിക വർഗ സംവരണ സീറ്റും 7 എണ്ണം പട്ടിക ജാതി സംവരണ സീറ്റുമാണ്. മൂന്ന് ഘട്ടമായാണ് ജമ്മുകശ്മീരിൽ തിരഞ്ഞെടുപ്പ് നടക്കുന്നത്.

=====================================

## MPOX - (INTRO)

ആഫ്രിക്കയിൽ വ്യാപിച്ചുകൊണ്ടിരിക്കുന്ന എം പോക്സ് രോഗത്തിനെതിരെ മുൻകരുതലുമായി കേന്ദ്ര ആരോഗ്യ മന്ത്രാലയം. പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി ഡോ. പി.കെ.മിശ്രയുടെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗത്തിൽ എംപോക്സിനെ നേരിടുന്നതിനുള്ള തയ്യാറെടുപ്പും അനുബന്ധ പൊതുജനാരോഗ്യ നടപടികളും അവലോകനം ചെയ്യു.

**കൂടുതൽ വിവരങ്ങൾ.....**

**(VOICE......)**

നിരീക്ഷണം ശക്തമാക്കാനും കേസുകൾ വേഗത്തിൽ കണ്ടെത്തുന്നതിന് ഫലപ്രദമായ നടപടികൾ കൈക്കൊള്ളാനും യോഗത്തിൽ ഡോ.മിശ്ര സംസ്ഥാനങ്ങളോട് നിർദ്ദേശിച്ചു. നിലവിൽ 32 ലാബുകൾ പരിശോധനയ്ക്കായി സജ്ജീകരിച്ചിട്ടുണ്ട്. വൈറസിന്റെ വ്യാപനം തടയാനായി ആശുപത്രികളിലും തുറമുഖങ്ങളിലും വിമാനത്തവാളങ്ങളിലും പരിശോധനയ്ക്കുള്ള നടപടികൾ ആരംഭിച്ചു. കഴിഞ്ഞ ബുധനാഴ്ച ലോകാരോഗ്യസംഘടന ആരോഗ്യ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിതിനു പിന്നാലെയാണ് ഇന്ത്യ നടപടികളാരംഭിച്ചത്. തൊലിപ്പുറത്ത് തിണർപ്പുമായി ആശുപത്രികളിൽ എത്തുന്നവരെ തിരിച്ചറിഞ്ഞ് ഐസൊലേഷൻ വാർഡുകളിലേക്ക് മാറ്റാനുള്ള നിർദേശം ആശുപത്രി അധികൃതർക്ക് നൽകിയിട്ടുണ്ട്. രോഗലക്ഷണങ്ങളുള്ളവരുടെ സാംപ്ൾ പരിശോധിക്കും. ഇന്ത്യയിൽ ഇതുവരെ എംപോക്സിന്റെ പുതിയ വകഭേദം റിപ്പോർട്ട് ചെയ്തിട്ടില്ല.

ആഫ്രിക്കയിലെ വൈറസ് വ്യാപനത്തിനുശേഷം സ്വീഡനിലാണ് ആദ്യ കേസ് റിപ്പോർട്ട് ചെയ്യുത്. മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്ക് വൈറസ് വഴി പകരുന്ന ഒരു രോഗമാണ് എംപോക്സ്.
ന്യൂസ് ഡെസ്ക്, ആകാശവാണി..

==================================

## MPOX CONGO

കോംഗോയിൽ ഈ വർഷമിതുവരെ **16,700** എം പോക്സ് കേസുകൾ റിപ്പോർട്ട് ചെയ്യിട്ടുണ്ടെന്ന് കോംഗോ ആരോഗ്യമന്ത്രി റോജർ കാംബ . **570**-ലധികം മരണങ്ങൾ സംഭവിച്ചു. കോംഗോയിൽ വലിയ തോതിലുള്ള വ്യാപനം തടയാൻ സർക്കാരിന്റെ ഇടപെടൽ മൂലംസാധിച്ചിട്ടുണ്ടെന്നും കാംബ ചൂണ്ടിക്കാട്ടി. ആഫ്രിക്കൻ യൂണിയന്റെ ആരോഗ്യ ഏജൻസിയുടെ കണക്കനുസരിച്ച്, 2024-ൽ റിപ്പോർട്ട് ചെയ്യപ്പെട്ട പുതിയ പോക്സ് കേസുകളുടെ എണ്ണം 2023-ലെ ഇതേ കാലയളവിനെ അപേക്ഷിച്ച് 160 ശതമാനം കൂടുതലാണ്. 3.6 ശതമാനമാണ് മരണനിരക്ക്.

==================================

## INDIA- NEPAL

വിദേശകാര്യ മന്ത്രി ഡോ എസ് ജയ്ശങ്കർ നേപ്പാൾ വിദേശകാര്യമന്ത്രി അർസു റാണ ദ്യൂബയുമായി ഡൽഹിയിൽ ചർച്ച നടത്തി. ഊർജം, വ്യാപാരം, കണക്റ്റിവിറ്റി, അടിസ്ഥാന സൗകര്യ വികസനം തുടങ്ങി വിവിധ മേഖലകളിലെ ഉഭയകക്ഷി സഹകരണം ഇരു നേതാക്കളും ചർച്ച ചെയ്തു. ആയിരത്തോളം മെഗാവാട്ട് വൈദ്യുതി നേപ്പാൾ ഇന്ത്യയിലേക്ക് കയറ്റുമതി ചെയ്യുമെന്നതിൽ ഡോ ജയശങ്കർ സന്തോഷം പ്രകടിപ്പിച്ചു. അഞ്ച് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനായി നേപ്പാൾ വിദേശകാര്യ മന്ത്രി അർസു റാണ ദ്യൂബ ഇന്നലെയാണ് ഡൽഹിയിലെത്തിയത്.

==================================

## US ISRAEL GAZA CEASEFIRE

ബന്ദികളെ മോചിപ്പിക്കുന്നതിനുള്ള അമേരിക്കയുടെ 'ബ്രിഡ്ജിംഗ് പ്രൊപോസൽ' ഇസ്രായേൽ പ്രധാനമന്ത്രി ബെന്യാമിൻ നെതന്യാഹു അംഗീകരിച്ചു. ജറുസലേമിൽ യുഎസ് സ്റ്റേറ്റ് സെക്രട്ടറി ആന്റണി ബ്ലിങ്കനുമായി നടത്തിയ മൂന്നു മണിക്കൂർ കൂടിക്കാഴ്ചയ്ക്കു ശേഷമാണ് തീരുമാനം. നെതന്യാഹുവുമായുള്ള കൂടിക്കാഴ്ച ക്രിയാത്മകമായിരുന്നുവെന്ന് ബ്ലിങ്കെൻ പറഞ്ഞു. അതേസമയം, യുഎസ് നിർദേശം ഹമാസ് നിരസിച്ചു. ചർച്ചകൾ പരാജയപ്പെടുത്താനും ഗാസയിലെ യുദ്ധം നീട്ടാനും നെതന്യാഹു പുതിയ വ്യവസ്ഥകളും ആവശ്യങ്ങളും ഉന്നയിക്കുന്നതായി ഹമാസ് പ്രസ്താവനയിൽ ആരോപിച്ചു.

==================================

## PARALYMBICS PM

ഈ മാസം 28 മുതൽ പാരിസിൽ ആരംഭിക്കുന്ന പാരാലിമ്പിക്സിൽ പങ്കെടുക്കുന്ന ഇന്ത്യൻ കായിക താരങ്ങളുമായി പ്രധാനമന്ത്രി നരേന്ദ്രമോദി സംവദിച്ചു. എല്ലാ താരങ്ങൾക്കും ആശംസകൾ നേർന്ന പ്രധാനമന്ത്രി ഗെയിംസിലെ ഇന്ത്യയുടെ വിജയ സാധ്യത സംബന്ധിച്ച് താരങ്ങളുമായി ചർച്ച നടത്തി.

==================================

## UNION FINANCE MINISTER

പൊതുമേഖലാ ബാങ്കുകളുടെ പ്രകടനം കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ ന്യൂഡൽഹിയിൽ നടന്ന യോഗത്തിൽ അവലോകനം ചെയ്തു. നിക്ഷേപ വളർച്ച, വായ്പാ -നിക്ഷേപ അനുപാതം, ആസ്തി നിലവാരം എന്നിവ സംബന്ധിച്ചായിരുന്നു അവലോകനം. പിഎം ആവാസ് യോജന, പിഎം സൂര്യ ഘർ, പിഎം വിശ്വകർമ പദ്ധതി തുടങ്ങിയ സർക്കാർ സംരംഭങ്ങളിൽ പൊതുമേഖലാ ബാങ്കുകളുടെ പങ്കും ധനമന്ത്രി വിലയിരുത്തി.

പ്രാദേശിക ഗ്രാമീണ ബാങ്കുകളുടെ അവലോകന യോഗവും ധനമന്ത്രിയുടെ അധ്യക്ഷതയിൽ ഇന്നലെ ചേർന്നു.

==================================

## SREENARAYANA GURU JAYANTHI

ശ്രീനാരായണ ഗുരുദേവന്റെ 170-ാം ജയന്തി ഇന്ന്.
ഗുരുവിന്റെ ജന്മഗൃഹമായ ചെമ്പഴന്തി ഗുരുകുലത്തിലും ശിവഗിരിയിലും അരുവിപ്പുറത്തും ഉൾപ്പെടെ ജയന്തി ആഘോഷങ്ങൾ നടക്കും. വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ആർഭാടങ്ങൾ ഒഴിവാക്കിയാണ് ജയന്തി ആഘോഷം. ആർഭാട ഘോഷയാത്ര ഒഴിവാക്കി നാമസങ്കീർത്തന ശാന്തിയാത്ര നടക്കും. എല്ലാ ഗുരുദേവപ്രസ്ഥാനങ്ങളിലും ഗുരുദേവ ക്ഷേത്രങ്ങളിലും ശാന്തിദീപം തെളിയിക്കും.

==================================

## SADBHAVANA DIWAS

ഇന്ത്യയുടെ മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ ജന്മവാർഷികമായ ഇന്ന് സദ്ഭാവന ദിനം ആചരിക്കുന്നു.

ഇന്ത്യൻ ജനതയിൽ ദേശീയോദ്ഗ്രഥനം, സമാധാനം, വാത്സല്യം, സാമുദായിക സൗഹാർദ്ദം എന്നിവ പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഈ ദിനം **'സദ്ഭാവന'** ദിനമായി ആചരിക്കുന്നത്. രാജ്യത്തുടനീളം വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. തിരുവനന്തപുരം ഡിസിസി യുടെ നേതൃത്വത്തിൽ രാവിലെ നടക്കുന്ന പരിപാടി സി തരൂർ എം.പി ഉദ്ഘാടനം ചെയ്യും.

==================================

## KERALA RAIN

കേരളത്തിൽ ഇന്നും മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. പാലക്കാട് കാഞ്ഞിരപ്പുഴ ഡാമിന്റെ ഷട്ടർ അല്പസമയത്തിനകം 25 സെന്റീമീറ്റർ കൂടി ഉയർത്തുന്നതിനാൽ തീരദേശവാസികൾ ജാഗ്രത പാലിക്കണമെന്ന് എക്സിക്യൂട്ടിവ് എഞ്ചിനീയർ അറിയിച്ചു.

==================================

## WAYAND

വയനാട് ദുരന്ത ബാധിതരുടെ വായ്പക്ക് ഒരു വർഷത്തെ മൊറട്ടോറിയം പ്രഖ്യാപിച്ചു. തിരുവനന്തപുരത്ത് ചേർന്ന സംസ്ഥാനതല ബാങ്കേഴ്സ സമിതി യോഗത്തിലാണ് തീരുമാനം. വായ്പ എഴുതി തള്ളുന്നതിൽ അതാത് ബാങ്കുകളാണ് അന്തിമ തീരുമാനം എടുക്കേണ്ടത്. എല്ലാവരും മരിച്ച കുടുംബങ്ങൾ, കുടുംബനാഥൻ മരിച്ച കുടുംബങ്ങൾ എന്നിവരുടെ വായ്പ എഴുതിത്തള്ളണമെന്ന ശുപാർശയാണ് നൽകുക. കൃഷിയിടവും കൃഷിയും നശിച്ചവരുടെ വായ്പ എഴുതി തള്ളാനും ബാങ്കുകളോട് നിർദ്ദേശിച്ചു.

==================================

## ARCHERY

അഹമ്മാദാബാദിൽ നടന്ന മുപ്പത്തിയാറാമത് ദേശീയ ഗെയിംസിൽ, വനിതാ അമ്പെയ്ത്ത് മത്സരത്തിലെ സ്വർണമെഡൽ ജേതാവായ ആർച്ച രാജന് പ്രോത്സാഹനമായി കേരള സർക്കാർ ആറ് ലക്ഷത്തി എഴുപതിനായിരത്തി ഇരുന്നൂറ്റി എഴുപത്തിയാറ് രൂപ അനുവദിച്ചു. മത്സരങ്ങളിൽ കൂടുതൽ മികവ് പുലർത്താൻ സാധിക്കും വിധം ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനാണ് തുക അനുവദിച്ചതെന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് അറിയിച്ചു.

==================================

## HEMA COMMITTEE

മലയാള ചലച്ചിത്ര മേഖലയിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച ഹേമ കമ്മിറ്റി റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനെപ്പറ്റി ചർച്ച നടത്താൻ രണ്ട് മാസത്തിനകം സിനിമാ കോൺക്ലേവ് നടത്തുമെന്ന് മന്ത്രി സജി ചെറിയാൻ. റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പാക്കാൻ സർക്കാർ പ്രതിബദ്ധമാണെന്നും മന്ത്രി അറിയിച്ചു. സിനിമാ മേഖലയിൽ വ്യാപക ചൂഷണങ്ങൾ നടക്കുന്നതായും, ഉന്നതരിൽ നിന്നടക്കം സ്ത്രീകൾക്ക് ദുരനുഭവങ്ങൾ നേരിടേണ്ടി വരുന്നതായും ഇന്നലെ പുറത്തിറക്കിയ ഹേമ കമ്മിറ്റി റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. തൊഴിലവസരങ്ങൾ നഷ്ടമാകുമെന്നതിനാൽ, ചൂഷണങ്ങൾ പുറത്തു പറയാൻ പലരും ഭയപ്പെടുന്നതായും പരാമർശം. സമർപ്പിച്ച് അഞ്ച് വർഷത്തിന് ശേഷമാണ് ഹേമ കമ്മിറ്റി റിപ്പോർട്ട് പുറത്തുവരുന്നത്.

==================================

==================================

==================================